# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2860 18.06.2019 ൽ മറുപടിക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.ജോസഫ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മലയോര ഹൈവേയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോരഹൈവേ കടന്നു പോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനു വേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഉത്തരവ് G.O.(Rt) No. 942/2017/PWD തീയതി: 10.07.2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് In Principle Administrative Sanction നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോരഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 25 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4, കൊല്ലം -1, ഇടുക്കി-3, എറണാകുളം-2 തൃശ്ശൂർ-1, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കാസർഗോഡ്-4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഫണ്ട് അനുവദിച്ച റീച്ചുകളുടെ മൊത്തം നീളം 460.599 കി.മീ ആണ്. തിരുവനന്തപുരം ജില്ലയിലെ 2 |

പ്രവൃത്തികളും കൊല്ലം ജില്ലയിലെ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ പ്രവൃത്തികളും ഉൾപ്പെടെ 6 പ്രവൃത്തികൾ ആരംഭിച്ചു. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്ക് വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മലയോര ഹൈവേ നിർമ്മാണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

ബി) 1267 കിലോമീറ്റർ ദൂരം വരുന്ന പ്രസ്തുത ഹൈവേയുടെ എത്ര കിലോമീറ്റർ റോഡാണ് ഇതിനകം പൂർത്തിയാക്കിയിട്ടുള്ളത്;

ബി) 2017-18 ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച പ്രകാരം ആരംഭിച്ച ഹിൽ ഹൈവേയുടെ പ്രവൃത്തികൾ തിരുവനന്തപുരം ജില്ലയിലും, കൊല്ലം ജില്ലയിലും കാസർഗോഡ് ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായിട്ടില്ല. കണ്ണൂർ ജില്ലയിൽ ഡി.എഫ്.ഐ.പി യിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേയുടെ ചെറുപുഴ (0/000) മുതൽ അരങ്ങം (18/331) വരെയും കരുവഞ്ചാൽ (22/570) മുതൽ പുറഞ്ഞാൺ (36/500) വരെയും പയ്യാവൂർ (45/607) മുതൽ ഉളിക്കൽ (5[illegible]225) വരെയും ചൂമൻതോട് (60/538) മുതൽ വള്ളിത്തോട് (64/839) വരെയും ഉള്ള 49.135 കി.മീ ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ 47 കി.മീ ഡി.ബി.എം പൂർത്തിയായി. 4 കി.മീ ഭാഗത്തെ ബി.സി പൂർത്തിയായി. കൂടാതെ അരങ്ങം മുതൽ കരുവഞ്ചാൽ വരെയും പുറഞ്ഞാൺ മുതൽ പയ്യാവൂർ വരെയും ഉളിക്കൽ മുതൽ ചൂമൻതോട് വരെയും വള്ളിത്തോട് മുതൽ എടൂർ കാരപ്പറമ്പ് വരെയും എടൂർ കാരപ്പറമ്പ് മുതൽ മണത്തണ വരെയും മണത്തണ മുതൽ അമ്പായത്തോട് വരെയും ഉള്ള മലയോരഹൈവേ ഭാഗം വിവിധ ബഡ്ജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

സി) ഇതിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്നും പതിമൂന്നു ജില്ലകളിലായി എത്ര ഏക്കർ സ്ഥലമാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടതെന്നും അറിയിക്കാമോ?

സി) 12 മീറ്റർ വീതിയിലാണ് മലയോരഹൈവേ നിർമ്മിക്കുന്നത്. ഇതിന് ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി മലയോരഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മലയോരഹൈവേക്കു വേണ്ടി വില നൽകി ഭൂമി ഏറ്റെടുക്കുന്നില്ല. 12 മീറ്ററിൽ കുറവുള്ള സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബഹു. എം.എൽ.എ മാരാണ് സൗജന്യമായി ഭൂമി ലഭ്യമാക്കാമെന്ന് വാഗ്ദാനം നൽകിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ